DESPATCHED
On..8/3/23...

3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.1044(5)/2022/SIC

തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 6359/SIC-G7/2022

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ. കെ.പ്രസാദ്,
റ്റി.സി.34/1129, ശ്രീചിത്തിര നഗർ, എയർപോർട്ടിന് സമീപം,
വള്ളക്കടവ് പി.ഒ, തിരുവനന്തപുരം – 695 008.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ,
ഫോർട്ട് സോണൽ ഓഫീസ്, ഫോർട്ട് പി.ഒ,
തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,
തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ,
ഫോർട്ട് സോണൽ ഓഫീസ്, ഫോർട്ട് പി.ഒ,
തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.11.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.11.2021 |
| ഒന്നാം അപ്പീൽ | 26.11.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 21.04.2022 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 24.04.2022 |
| ഹിയറിംഗ് തീയതി. | 29.11.2022 |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽവാദി | ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, തിരുവനന്തപുരം നഗരസഭയിൽ ബഹു.കേരള ഹൈക്കോടതി ഒ.പി.8902/01 പ്രകാരം തിരുവനന്തപുരം നഗരസഭ കക്ഷിയായ കേസ്സിൽ ഉണ്ടായ വിധിയുടെയും അനുബന്ധ രേഖകളുടേയും പകർപ്പുകൾ ഉൾപ്പെടെയുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ

സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം ലഭ്യമായില്ലെന്നും അഞ്ചാമത്തെ ചോദ്യത്തിനുള്ള മറുപടി സൗജന്യമായി ലഭ്യമാക്കിയെന്നും തിരുവനന്തപുരം നഗരസഭ ഫോർട്ട് സോണൽ ഓഫീസിൽ പല പ്രാവശ്യം കയറി ഇറങ്ങിയെങ്കിലും ഫയൽ മെയിൻ ഓഫീസിലാണെന്നും തിരികെ ലഭിക്കുന്ന മുറയ്ക്ക് ആവശ്യപ്പെട്ട മുഴുവൻ രേഖകളും നേരിൽ പരിശോധിച്ച് കൈപ്പറ്റാവുന്നതാണെന്ന് അറിയിച്ചെന്നും 01.11.2021 ന് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെയായി പൂർണ്ണമായ വിവരങ്ങളും രേഖകളും ലഭ്യമായില്ലെന്നും ആയതിനാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. തിരുവനന്തപുരം നഗരസഭ ഫോർട്ട് സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന വലിയതുറ വാർഡിൽ ശ്രീ.കെ.പ്രസാദ് നൽകിയ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കുന്നതിനായി നഗരസഭ മെയിൻ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷനിൽ ഫയൽ നൽകിയെങ്കിലും ഫയൽ കൈപ്പറ്റാതെ തിരികെ സെക്ഷനിൽ വന്നുവെന്നും ടിയാൻ ഒന്നാമത്തെ ചോദ്യത്തിൽ ഉന്നയിച്ചിരുന്ന 12.08.2021 ൽ നടപടി സ്വീകരിച്ച ഫയലുകളെ സംബന്ധിച്ചുള്ള വിവരങ്ങളായിരുന്നുവെന്നും ടി കാലയളവിൽ ഫോർട്ട് സോണൽ ഓഫീസിൽ എഞ്ചിനീയറിംഗ് നിലവിലില്ലാതിരുന്നതിനാലാണ് രേഖകൾ നൽകുവാൻ കഴിയാതിരുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതിനായി മേലുദ്യോഗസ്ഥർക്ക് ഫയൽ സമർപ്പിക്കേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടതെന്നും ഫയൽ ലഭ്യമായ ഉടൻ ടിയാന് ഫയൽ പരിശോധിക്കുവാൻ അവസരം നൽകുകയും ആവശ്യപ്പെട്ട പകർപ്പുകൾ

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നാണ് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. വിവരാവകാശ അപേക്ഷയിന്മേൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന 1,5 ചോദ്യങ്ങളിലായി ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ മെയിൻ ഓഫീസിന്റെ പരിധിയിൽ വരുന്നതാണെന്നാണ് എസ്.പി.ഐ.ഒ. മറുപടി നൽകിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം അപേക്ഷകർ ആവശ്യപ്പെടുന്ന വിവരം പൊതുഅധികാരസ്ഥാനത്ത് ലഭ്യമല്ലാത്ത പക്ഷം പ്രസ്തുത നിയമത്തിലെ 6(3) വകുപ്പ് പ്രകാരം അപേക്ഷ കൈപ്പറ്റി 5 ദിവസത്തിനകം വിവരം ലഭ്യമാകുന്ന ഓഫീസിലേയ്ക്ക് കൈമാറേണ്ടതാണ്. ഇവിടെ വിവരാവകാശ അപേക്ഷ എസ്.പി.ഐ.ഒ. കൈമാറിയതായി കാണുന്നില്ല. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കാതിരുന്നതും, വിവരം ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം സമയബന്ധിതമായി കൈമാറാതിരുന്നതും എസ്.പി.ഐ.ഒ. യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1),(2) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ 01.11.2021 തീയതിയായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30–ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി